**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 645** **13-01-2021 - ൽ മറുപടിയ്ക്ക്**

**അദാലത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ഡി.കെ.മുരളി | | Shri M. M. Mani<br>(വൈദ്യുതി വകുപ്പുമന്ത്രി) | |
| (എ) | ഈ സർക്കാർ വന്നശേഷം വൈദ്യുതി വകുപ്പ് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിനു വേണ്ടി തിരുവനന്തപുരം ജില്ലയിൽ നടത്തിയ അദാലത്തുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ നൽകുമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരം ജില്ലയിലെ വൈദ്യുതി വകുപ്പ് ഉപഭോക്താക്കളുടെ പരാതി പരിഹരിക്കുന്നതിന് വേണ്ടി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ 19.02.2020-ൽ ഒരു ജനകീയ വൈദ്യുതി അദാലത്ത് വെള്ളയമ്പലം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേഴ്സ് ഹാളിൽ നടത്തുകയുണ്ടായി. പ്രസ്തുത അദാലത്തിൽ 877 പരാതികൾ ലഭിക്കുകയും അതിൽ 792 പരാതികൾ പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഓരോ അദാലത്തിലും എത്ര പരാതികൾ ലഭിച്ചുവെന്നും അതിൽ എത്ര പരാതികൾ പരിഹരിച്ചുവെന്നും അറിയിക്കാമോ? | (ബി) | ഓരോ അദാലത്തിലും ലഭിച്ച പരാതികളുടെയും പരിഹരിച്ച പരാതികളുടെയും ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ